(സി) ഇവർ ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിലെ ഇതേ സർവീസ് ദൈർഘ്യമുള്ള തൊഴിലാളികളുടെ വേതനവുമായി താരതമ്യം ചെയ്യുമ്പോൾ ഇവരുടെ വേതനത്തിൽ കുറവുണ്ടോ?

(ഡി) എങ്കിൽ അതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(ഇ) മുളംകുന്നത്തുകാവിലെ പവർഡിവൈസസിലെ സ്ഥലവും കെട്ടിടവും ഇപ്പോൾ എന്ത് ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്;

(എഫ്) ഇവിടെ പുതിയ ഏതെങ്കിലും സംരംഭം തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ)&(ബി) 21 തൊഴിലാളികളെ ഒരു യൂണിറ്റിൽ നിയമിച്ചിട്ടുണ്ട്. അനുബന്ധം 1-ൽ കൊടുത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(ഡി) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആയതിനാൽ കെൽട്രോൺ പവർ ഡിവൈസസിൽ നൽകിവരുന്ന വേതനത്തിനേ ഇവർക്ക് അർഹതയുള്ളു. അതു നൽകുവാനേ നിയമപരമായി കഴിയുകയുള്ളൂ.

(ഇ) പവർഡിവൈസസിന്റെ കെട്ടിടം ഭാഗികമായി കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ നടത്തുന്നതിനുവേണ്ടി കെൽട്രോണിനു വാടകയ്ക്കു നൽകിയിട്ടുണ്ട്.

(എഫ്) ഇക്കാര്യം പരിശോധിച്ചുരുന്നു.

43 (599) കിളിമാനൂരിൽ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാ മണ്ഡലത്തിലും ഓരോ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി പ്രകാരം കിളിമാനൂർ നിയോജകമണ്ഡലത്തിൽ പാർക്ക് സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ രംഗത്ത് പിന്നോക്കം നിൽക്കുന്ന ഈ മണ്ഡലത്തിന് പ്രത്യേക പരിഗണന നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിൽ വ്യവസായ പാർക്കിനാവശ്യമായ ഭൂമി സൗജന്യമായി ഇതുവരെ ലഭിച്ചിട്ടില്ല. കിളിമാനൂർ എം.എൽ.എ. യുടെ നിർദ്ദേശപ്രകാരം പഴയകുന്നുമ്മേൽ പഞ്ചായത്ത് പ്രസിഡന്റിനെ നേരിൽ കാണുകയും പാർക്കിനുള്ള സ്ഥലം പ്രസ്തുത പഞ്ചായത്തിൽ തന്നെ ലഭ്യമാക്കാമെന്ന് പ്രസിഡന്റ് രേഖാമൂലം സിഡ്കോയെ അറിയിക്കുകയും ചെയ്തു.

(ബി) അനുയോജ്യമായ സ്ഥലം സൗജന്യമായി ലഭിച്ചാൽ പാർക്ക് സ്ഥാപിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. പ്രത്യേക പരിഗണന നൽകാൻ ഇപ്പോൾ പണം ലഭ്യമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly